II ഇ.ബി. XII- കേരള നിയമസഭ/XV-8

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ജൂലൈ 08, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

26 (*211) **വ്യവസായ രംഗത്തെ വളർച്ച**

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, ഭക്ഷ്യോല്പന്ന വ്യവസായങ്ങൾ, വസ്ത്ര നിർമ്മാണം, ലൈറ്റ് എൻജിനീയറിംഗ്, ഐ.റ്റി. മേഖലയുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾ, കരകൗശല മേഖലയിൽപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ, ആയുർവേദ ഉൽപന്ന വ്യവസായങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ മേഖലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ വളർച്ച നേടുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2008-2009 വർഷത്തെ വ്യവസായ വളർച്ചാ നിരക്ക് 12.62 ശതമാനമാണ്. വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച 13 വൻകിട വ്യവസായങ്ങളുടേയും 8 ഇടത്തരം വ്യവസായങ്ങളുടേയും മുടക്കുമുതൽ യഥാക്രമം 245.17 കോടി രൂപയും 48.44 കോടി രൂപയുമാണ്. കെ. എസ്.ഐ.

ഡി.സി-യുടെ സഹകരണത്തോടെ ആരംഭിച്ച 39 ഇടത്തരം വൻകിട വ്യവസായ പദ്ധതികളുടെ മുടക്കുമുതൽ 81219.21 ലക്ഷം രൂപയാണ്. പുതിയ വൻകിട വ്യവസായങ്ങളിൽ 2601 പേർക്ക് നേരിട്ടും 1540 പേർക്ക് പരോക്ഷ മായും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ മുഖേന 164335 പേർക്കും കെ.എസ്.ഐ.ഡി.സി-യുടെ സംരംഭങ്ങൾ മുഖേന 8397 പേർക്കും തൊഴിൽ ലഭിക്കുകയുണ്ടായിയെന്നും കെ.എസ്.ഐ.ഡി.സി-യുമായി ധാരണാപത്രം ഒപ്പിട്ട 66 വൻകിട ഇടത്തരം പദ്ധതികളിൽ 9 എണ്ണം പൂർത്തിയാക്കിയെന്നും 16 എണ്ണം നിർമ്മാണഘട്ടത്തിലാണെന്നും വ്യവസായ വളർച്ചാകേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും പശ്ചാത്തല സൗകര്യ വികസനവും പൂർത്തിയാകുന്നതോടുകൂടി മറ്റു പദ്ധതികൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏകദേശം 500 ഏക്കറോളം ഭൂമി ഏറ്റെടുക്കുകയും 3600 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള പ്രൊപ്പോസലുകൾ നടപ്പാക്കിക്കൊണ്ടിരിക്കുകയു മാണ്. തൊടുപുഴയിൽ സ്പൈസസ് പാർക്ക് ആരംഭിക്കുന്നതിന് ഗവൺമെന്റിന്റെ കൈവശം ഭൂമിയുണ്ട്. നെടുങ്കണ്ടത്ത് ഭൂമി ഏറ്റെടുക്കുന്ന തിലുണ്ടായിട്ടുള്ള കാലതാമസം സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് എത്രയും വേഗം തീരുമാനമുണ്ടാക്കുന്നതാണ്. പാണക്കാട്ട് കെ.എസ്.ഐ.ഡി.സി.യുടെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ ആരംഭിക്കു ന്നതിന് ഏറ്റെടുത്ത ഭൂമിയിൽ ഇൻകെലുമായി ചേർന്ന് ജോയിന്റ് വെഞ്ചർ ആരംഭിക്കാൻ എഗ്രിമെന്റ് ഉണ്ടാക്കുകയും ഇൻകെൽ പ്രോജക്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. 399 വനിതാ വ്യവസായ സംരംഭകർക്ക് 2,78,79,307 രൂപ മാർജിൻ മണി ഗ്രാന്റായി നൽകുകയും ഉല്പന്നങ്ങളുടെ

വിപണി കണ്ടെത്തുന്നതിന് 1,.14,15,170 രൂപയും പരിശീലനം നൽകുന്നതിന് 50 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. മലബാർ സിമന്റ്സിന്റെ തുറവൂരിലെ ഗ്രൈൻഡിംഗ് യൂണിറ്റിലെ കരാർത്തൊഴിലാളികളും കമ്പനിയുമായി ഉണ്ടായിരുന്ന കൂലിത്തർക്കം പരിഹരിക്കുന്നതാണെന്നും ചിറ്റൂരിലുള്ള പെൻകോസിന്റെ സ്ഥലത്ത് എന്തെങ്കിലും പുതിയ സംരംഭം ആരംഭിക്കുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണെന്നും മുളങ്കുന്നത്തുകാവിലെ കെൽട്രോൺ പവർ ഡിവൈസസ് ഒഫിഷ്യൽ ലിക്വിഡേറ്ററുമായി ബാദ്ധ്യതകൾ തീർത്ത് തിരിച്ചെടുത്ത് പുനരുദ്ധരിക്കുന്നതിനാണ് ശ്രമിക്കുന്നതെന്നും മന്ത്രി അറിയിച്ചു. എസ്.എഫ്.ഐ.എൽ. 12 കോടി രൂപ മുതൽമുടക്കി നവീകരിക്കാനും ഒരു പുതിയ യൂണിറ്റ് ഷൊർണ്ണൂരിൽ ഡിസംബർ മാസം കമ്മീഷൻ ചെയ്യുന്നതിനും അത്താണിയിൽ ഐ.എസ്.ആർ.ഒ, ഡിഫൻസ് എന്നിവയുടെ ഓർഡർ സ്വീകരിച്ച് കൂടുതൽ നവീകരണ പ്രവർത്തനങ്ങൾ നടത്താനും ആലോചിക്കുന്നുണ്ട്. ചേലക്കരയിലും വടക്കാഞ്ചേരിയിലും വ്യവസായ പാർക്കുകൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത ഏതെങ്കിലും റവന്യൂ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ ലഭിക്കുകയാണെങ്കിൽ റോഡ് സൗകര്യമുണ്ടാക്കി വ്യവസായ പാർക്കുകൾ ആരംഭിക്കാവുന്നതാണെന്നും പുനലൂർ പേപ്പർ മിൽ പുനരുദ്ധരിക്കുന്നതിന് വിജയവാഡ കേന്ദ്രമായ ഒരു സ്ഥാപനം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും അവരുമായി ചർച്ചകൾ നടത്തിവരികയാണെന്നും തൊഴിൽ വകുപ്പുമന്ത്രി ഇടപെട്ട് തൊഴിൽ പ്രശ്നങ്ങളിൽ ഒത്തുതീർപ്പുണ്ടാക്കിയിട്ടുണ്ടെന്നും മലിനീകരണം സൃഷ്ടിക്കാത്തതും വന സമ്പത്തിനെ ആശ്രയിക്കാത്തതുമായ പ്രൊപ്പോസലുകൾക്കാണ് അനുമതി കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്നും പുനലൂർ പ്ലൈവുഡ് ഫാക്ടറി പ്രവർത്തിച്ചിരുന്ന സ്ഥലത്തിന്റെ ബാദ്ധ്യതകൾ തീർത്ത്

കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കഴക്കൂട്ടത്ത് കെ.എസ്.ഐ.ഡി.സി. ലൈഫ് സയൻസ് പാർക്ക് വികസിപ്പിക്കുന്നതിന് 300 കോടി രൂപയുടെ പ്രോജക്ടിന് ഭരണാനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. സാലിസിലേറ്റ്സ് ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുത്ത് സിഡ്കോയുടെ നേതൃത്വത്തിൽ സംരംഭകരുടെ ഓഫർ കിട്ടുന്ന മുറയ്ക്ക് ടെലികോം സിറ്റി ആരംഭിക്കുന്നതാണ്. കഴക്കൂട്ടത്തെ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ സ്ഥലം ജപ്തി നടപടികളിൽനിന്നും സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും അഡീഷണൽ സെക്രട്ടറി (ഇൻഡസ്ട്രീസ്)യെ ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിനെ പുതിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയുന്നതരത്തിൽ വൈവിദ്ധ്യവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. വ്യവസായങ്ങൾക്കാവശ്യമുള്ള പ്രൊഫഷണലുകളെ ലക്ഷ്യംവച്ചുള്ള ഒരു ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടായ എഡ്യൂക്കേഷണൽ ഹബ് ആരംഭിക്കുന്നതിന് ഒരു മാസത്തിനകം രൂപരേഖ തയ്യാറാക്കുന്നതാണെന്നും ആലുവയിൽ കിൻഫ്രയുടെ ഹൈടെക്ക് പാർക്കിന് ഭൂമി അലോട്ട് ചെയ്തിട്ടും പ്രവർത്തനം ആരംഭിക്കാത്തവയുടെ ഭൂമി തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഭാരത് ഇലക്ട്രോണിക്സ് അടുത്ത വർഷം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും കേന്ദ്ര ഗവൺമെന്റിന്റേയും സെൻട്രൽ യൂണിവേഴ്സിറ്റിയുടേയും ആഭിമുഖ്യത്തിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ കിട്ടുകയാ

ണെങ്കിൽ എത്രയുംവേഗം അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും  അടച്ചുപൂട്ടിയ ചെറുകിട വ്യവസായ സംരംഭങ്ങളെക്കുറിച്ച് പഠനം നടത്തി അവയെ പുനരുദ്ധരിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കിയതിന്റെ ഭാഗമായി അവയ്ക്ക് പരസ്യ പ്രിഫറൻസ് പുന:സ്ഥാപിച്ചുകൊടുക്കുകയും മാർജിൻ മണി മുടക്കമില്ലാതെ നൽകുകയും ജില്ലകൾതോറും അദാലത്തുകൾ സംഘടിപ്പിച്ച് പ്രശ്നങ്ങൾ പരിഹരിക്കുകയും വിപണന മേളകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും മന്ത്രി സഭയെ അറിയിച്ചു.  കോഴിക്കോടുള്ള രണ്ട് ഐ.ടി. പാർക്കുകൾക്കും കളമശ്ശേരിയിലെ ഹൈടെക്ക് പാർക്കിനും സെസ്സ് പദവി ലഭിച്ചിട്ടുണ്ട്.  കേന്ദ്ര പദ്ധതികൾക്കും സംസ്ഥാന പദ്ധതികൾക്കുമായി കിൻഫ്രയുടെ ഇൻഡസ്ട്രിയൽ പാർക്കിന് ആയിരത്തിലേറെ ഏക്കർ ഭൂമി ഇതുവരെ അലോട്ട് ചെയ്തിട്ടുണ്ട്.  ട്രാക്കോ കേബിൾ കമ്പനിയുടെ തിരുവല്ല യൂണിറ്റിലേയും ഇരുമ്പനത്തേയും തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം അനുവദിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിന് കമ്പനി മാനേജുമെന്റുമായി ചർച്ച ചെയ്ത് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.  പ്രവാസികൾക്കായി ഒരു പ്രത്യേക ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതു സംബന്ധിച്ച് ആലോചിക്കുന്നുണ്ട്.  ഗൾഫിൽ നിന്ന് തിരിച്ചുവന്ന് വ്യവസായ സംരംഭം ആരംഭിക്കുന്നവർക്ക് ഉദാര വ്യവസ്ഥയിൽ ലോൺ കൊടുക്കാൻ കെ.എഫ്.സി., കെ.എസ്.ഐ.ഡി.സി. എന്നിവ പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്.  കാന്തല്ലൂരിലെ സെറിക്കൾച്ചർ സൊസൈറ്റിയുടെ സ്ഥലം കടത്തിൽ നിന്ന് മുക്തമായി കിട്ടുകയാണെങ്കിൽ പുതിയ സംരംഭം ആരംഭിക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്നും  ഒറ്റപ്പാലത്ത് കിൻഫ്ര പാർക്ക് ആരംഭിക്കുന്നതിനുള്ള സ്ഥലം ഫാസ്റ്റ് ട്രാക്കിൽ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും മുതൽമു

ടക്കിനെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും. ആസ്ട്രാൾ വാച്ചസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് വനിതകൾക്കായി ഒരു പുതിയ സംരംഭം ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണിക്കാവുന്നതാണെന്നും കിൻഫ്രയുടെ നേതൃത്വത്തിൽ കിനാലൂരിൽ 50 ഏക്കർ സ്ഥലത്ത് ഒരു ഭക്ഷ്യ സംസ്ക്കരണ വ്യവസായ പാർക്ക് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും കമ്പനി രൂപീകരിച്ചു കഴിഞ്ഞാൽ 50 കോടി രൂപ കേന്ദ്ര ഗവൺമെന്റ് ഇൻഫ്രാ സ്ട്രക്ചർ ഡെവലപ്പമെന്റിനുവേണ്ടി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും കാസർഗോഡ് സീതാകാണിയിൽ ആരംഭിക്കാൻ പോകുന്ന കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള എച്ച്.എ.എൽ-ന്റെ യൂണിറ്റിന്റെ ഉദ്ഘാടനം ആഗസ്റ്റ് മാസം 13-ാം തീയതി നടക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

27 (*212) <u>നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി</u>

വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ നെയ്ത്തുകാർക്കുവേണ്ടി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും കൈത്തറി, യന്ത്രത്തറി നെയ്ത്തുകാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിനുള്ള പ്രീമിയം 330 രൂപയാണെന്നും ഇതിൽ കേന്ദ്ര വിഹിതം 150 രൂപയും നെയ്ത്തുകാരന്റെ വിഹിതം 80 രൂപയും എൽ.ഐ.സി വിഹിതം 100 രൂപയുമാണെന്നും കേരളത്തിൽ നെയ്ത്തുകാരന്റെ വിഹിതം ഇനത്തിൽ സംസ്ഥാന സർക്കാർ 2004-05 മുതൽ 2009-10 വരെ 37,82,279 രൂപ ചെലവഴിക്കുകയുണ്ടായിയെന്നും മഹാത്മാഗാന്ധി ബങ്കർ ബീമ യോജന (എം.ജി.ബി.ബി.വൈ) സ്ക്കീമിലൂടെ നെയ്ത്തുകാർക്ക് സ്വാഭാവിക മരണം സംഭവിച്ചാൽ 60,000 രൂപയും അപകട മരണം സംഭവിച്ചാൽ 1,50,000 രൂപയും

അപകടംമൂലം പൂർണ്ണമായി വൈകല്യം സംഭവിച്ചാൽ 1,50,000 രൂപയും ഭാഗികമായി വൈകല്യം സംഭവിച്ചാൽ 75,000 രൂപയും നൽകുന്നുണ്ടെന്നും പ്രസ്തുത സ്കീമിൽ അംഗങ്ങളായ നെയ്ത്തുകാരുടെ തോൽക്കാതെ പഠിക്കുന്ന രണ്ട് കുട്ടികൾക്ക് IX, X, XI, XII ക്ലാസ്സുകളിലേയ്ക്ക് ശിക്ഷാ സഹയോഗ് യോജന പദ്ധതി പ്രകാരം പാദവാർഷികമായി 300 രൂപ വീതം പരമാവധി 4 വർഷം വരെ സ്കോളർഷിപ്പ് ലഭിക്കുന്നതാണെന്നും സഭയെ അറിയിച്ചു. പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, ഖാദി എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഇൻകം സപ്പോർട്ട് സ്കീം എന്ന ഒരു പുതിയ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റുമായി എം.ഒ.യു. ഒപ്പിട്ട കൈത്തറി മേഖലകൾക്കായുള്ള കടാശ്വാസ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. കൈത്തറി വസ്ത്രങ്ങൾക്ക് ഈ ഓണക്കാലത്ത് സംസ്ഥാന സർക്കാർ 20 ശതമാനം റിബേറ്റ് നൽകുമെന്നും കേന്ദ്ര ഗവൺമെന്റിന്റെ മാർക്കറ്റിംഗ് അസിസ്റ്റൻസുകൂടി ഉപയോഗപ്പെടുത്തി പത്രപ്പരസ്യങ്ങളും വിപുലമായ പ്രചാര വേലകളും നടത്തുന്നതിലൂടെ കൈത്തറി തുണികളുടെ വിൽപ്പന വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും തുണിയുടെ മൂല്യവർദ്ധനവിനായി വൈവിദ്ധ്യവൽക്കരണവും ഫാഷൻ ഡിസൈനും കൊണ്ടുവരുമ്പോൾ മാർക്കറ്റിംഗിലൂടേയും ഡിമാന്റ് വർദ്ധനവിലൂടെയും തൊഴിലാളികളുടെ കൂലിയിൽ വർദ്ധനവ് ഉണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി. കൈത്തറി തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കണമെങ്കിൽ ആ സ്ഥാപനത്തിന്റെ ഉത്പാദനവും പ്രോഡക്ടിവിറ്റിയും ഇൻക്രീസ് ചെയ്തു കൊണ്ടുവരണമെന്നും അത് നടപ്പാക്കുന്നതിനുള്ള നിരന്തരമായ ഇടപെടൽ

നടത്തുമെന്നും സാമ്പത്തിക അച്ചടക്കം പാലിക്കാത്ത കൈത്തറി സഹകരണ സംഘങ്ങളെ സംബന്ധിച്ച് പഠനം നടത്തി നടപടി സ്വീകരിക്കുന്നതാണെന്നും കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിന് കണ്ണൂരിനെ town of export excellence ആയി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചെങ്കിലും ഒരു ഇന്റഗ്രേറ്റഡ് പ്രോജക്ട് നടപ്പാക്കുന്നതിന് അവിടെയുള്ള സംരംഭകരും ഗവൺമെന്റുംകൂടിച്ചേർന്ന് സ്പെഷ്യൽ പർപ്പസ് ബഞ്ച് രൂപീകരിക്കുന്നതിന് അവിടത്തെ സംരംഭകർ മുന്നോട്ടുവരാത്തത് ഈ സ്കീം നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്നവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

28 (*213) **<u>ജലവിഭവ വകുപ്പിൽ ഇ-ടെൻഡർ സംവിധാനം</u>**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, കേരള വാട്ടർ അതോറിറ്റിയിൽ ഒന്നരക്കോടി രൂപയ്ക്ക് മുകളിലുള്ള കരാറുകൾ ഇ-ടെൻഡറിംഗ് വഴിയാണ് നൽകുന്നതെന്നും. ജലസേചന വകുപ്പിലും ഇ-ടെൻഡർ സംവിധാനം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഇ-ടെൻഡറിംഗ് വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിയശേഷം ടെൻഡർ നടപടികൾ പൂർത്തിയാക്കുവാനുള്ള കാലതാമസം ഒരുപരിധിവരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ജല അതോറിറ്റിയിൽ പ്രത്യേകമായി എൻറോൾ ചെയ്ത് യൂസർ ഐ.ഡി., പാസ് വേഡ് എന്നിവ ലഭിച്ച കരാറുകാർക്കും സപ്ലെയർമാർക്കും ഇന്റർനെറ്റ് മുഖനഇത് ലഭ്യമാക്കുന്നതിനാൽ യഥാർത്ഥ താൽപ്പര്യമുള്ള കരാറുകാർ മാത്രം ടെൻഡറിൽ പങ്കെടുക്കുന്നതുകൊണ്ട് ടെൻഡറുകൾക്ക് കൂടുതൽ മത്സര സ്വഭാവം കൈവന്നിട്ടുണ്ട്. ശുദ്ധജല പദ്ധതികൾ, സ്വീവറേജ് പദ്ധതികൾ

എന്നിവയുടെ വിവിധ പ്രവൃത്തികൾക്കും സാധനസാമഗ്രികൾ വാങ്ങുന്ന ടെൻഡറുകൾക്കും ഇ-ടെൻഡറിംഗ് പ്രയോജനപ്രദമാണ്. ടെൻഡറിന്റെ സ്ഥിതി വിവരങ്ങൾ ടെൻഡർ തുറക്കുന്ന സമയംതന്നെ ഇന്റർനെറ്റിലൂടെ അറിയുവാൻ സാധിക്കും. ടെൻഡർ നടപടികൾ കൂടുതൽ സുതാര്യമാവുകയും ചെയ്തിട്ടുണ്ട്. കോൺട്രാക്ടർമാർ തമ്മിൽചേർന്ന് അധിക തുക ക്വാട്ട് ചെയ്യുന്നതിനുള്ള അവസരം ഒഴിവാക്കുവാനും ഇ-ടെൻഡറിംഗ് സഹായകമാകും. കൂടാതെ പ്രീ-ക്വാളിഫിക്കേഷൻ സംവിധാനം നിലനിൽക്കുമെന്നും ഇന്റർനെറ്റ് മുഖാന്തിരം കരാറുകാർക്ക് അടക്കം ബോദ്ധ്യപ്പെടുന്ന നിലയിൽ ഇവാല്യുവേറ്റ് ചെയ്യാൻ കഴിയുന്ന സംവിധാനമാണ് ഇപ്പോഴുള്ളതെന്നും ഇ-ടെൻഡറിംഗ് പൂർണ്ണമായും കോൺഫിഡൻഷ്യലാണെന്നും പറയുന്ന സമയത്ത് ഡീ-കോഡ് ചെയ്യുമ്പോൾ മാത്രമേ ഇതിന്റെ ഡീറ്റെയിൽസ് പുറത്തുവരികയുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. ഇ.എം.ഡി. അടയ്ക്കുന്നതിനായി കരാറുകാർ ബന്ധപ്പെട്ട ഓഫീസുകളിൽ ചെല്ലുമ്പോൾ ആരൊക്കെയാണ് ടെൻഡറിൽ പാർട്ടിസിപ്പേറ്റ് ചെയ്യുന്നതെന്നുള്ളത് മനസ്സിലാക്കുമെന്ന ന്യൂനതകൂടി പരിഹരിച്ചുകൊണ്ട് ജൂലൈ 15 മുതൽ ഇ-പേമെന്റുകൂടി നടപ്പാക്കിക്കൊണ്ട് സമ്പൂർണ്ണമായി സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്താനുള്ള നടപടികളും സ്വീകരിക്കുകയാണെന്നും ഓഗസ്റ്റ് 15 മുതൽ റിവൈസ്ഡ് റേറ്റ് നിലവിൽ വരുമ്പോൾ പരമാവധി എക്സസ്സ് കൊടുക്കാതിരിക്കാനും പരിമിതപ്പെടുത്താനും അഴിമതി ഒരു പരിധിവരെ കുറയ്ക്കാനും കഴിയുമെന്നും മന്ത്രി വ്യക്തമാക്കി. പി.ഡബ്ല്യു.ഡി. മാനുവലും കോഡും പരിഷ്ക്കരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണെന്നും അടുത്ത മാസം ഔദ്യോഗികമായി പുറത്തിറക്കാൻ

കഴിയുമെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2006 മുതൽ 2307 വരെയുള്ള ചോദ്യങ്ങളിൽ 131 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)